HDC Mtee
R
16/1

2.33
16/01/09

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്:-ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(കേരളം)-പരിചയസമ്പന്നരായ സിവിൽ ഡിപ്ലോമ (പോളിടെക്നിക്) ധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർ തസ്തികയിൽ നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(കൈ)നം. 1/2009/തസ്വഭവ** **തിരുവനന്തപുരം, തീയതി, 2/1/2009**

---

പരാമർശം:-1. സ.ഉ.(എം.എസ്.)68/2006/തസ്വഭവ, തീയതി 28-2-06.
2. സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 17-9-08-ൽ ചേർന്ന 4-ാമത് യോഗത്തിന്റെ 19-ാം നമ്പർ തീരുമാനം.
3. ഗ്രാമവികസന കമ്മീഷണറുടെ 31-10-08-ലെ 12268/എൻ.ആർ.ഇ.ജി.എ. സെൽ/08/ സി.ആർ.ഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ളോക്ക് പഞ്ചായത്ത് തലത്തിൽ സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ അസിസ്റ്റന്റ് എഞ്ചിനീയറായും, ഗ്രാമപഞ്ചായത്തു തലത്തിൽ അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്/സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരികളെ അസിസ്റ്റന്റ് എഞ്ചിനീയറായും ഇവരുടെ അഭാവത്തിൽ അഗ്രികൾച്ചർ എഞ്ചിനീയർ/സിവിൽ എഞ്ചിനീയർ/ ഡിപ്ലോമ ധാരികളെ ഓവർസിയറായും കരാർ വ്യവസ്ഥയിൽ നിയമിക്കാൻ അനുമതി നൽകിയിരുന്നു.

സംസ്ഥാന തൊഴിലുറപ്പു കൗൺസിലിന്റെ 17-9-2008-ൽ ചേർന്ന 4-ാമതു യോഗത്തിന്റെ 19-ാം നമ്പർ തീരുമാന പ്രകാരം 5 വർഷം പ്രവൃത്തി പരിചയമുള്ള സിവിൽ/ അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ഡിപ്ലോമാ യോഗ്യതയുള്ളവരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

പരാമർശം 3 കത്തിലൂടെ തൊഴിലുറപ്പു കൗൺസിലിന്റെ ശുപാർശ പരിഗണിച്ച് ഇൻവെസ്റ്റിഗേഷൻ സർവ്വേയിംഗ്, പ്ലാനിംഗ്, ലെവലിങ്ങ്, മണ്ണ്-ജല സംരക്ഷണം, എസ്റ്റിമേറ്റ് തയ്യാറാക്കൽ, അളവുകൾ രേഖപ്പെടുത്തലും, മെഷർമെന്റ് ബുക്ക് സൂക്ഷിക്കൽ, മൺപണികൾ, കിണറുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണ മേൽനോട്ടം, റോഡ് പണികളുടെ നിർമ്മാണ മേൽനോട്ടം എന്നീ മേഖലകളിൽ 5 വർഷമെങ്കിലും തൊഴിൽ പരിചയമുള്ള സിവിൽ/ അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ഡിപ്ലോമധാരികളെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നു.

സംസ്ഥാനത്തെ കൃഷി/മണ്ണ് സംരക്ഷണം/മരാമത്ത് വകുപ്പുകൾ, കെ.എസ്.ഇ.ബി./ കെ.ഡബ്ള്യൂ.എ. എന്നീ സ്ഥാപനങ്ങൾ, പി.ഡബ്ള്യൂ.ഡി.-യുടെ എ ക്ലാസ്സ് കോൺട്രാകടർമാർ എന്നിവരിൽ നിന്നുമുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണെന്നും, എ ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നുമുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ബ്ളോക്ക് തല സാങ്കേതിക ഉപദേശകസമിതി പരിശോധിക്കണമെന്ന് നിഷ്കർഷിക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇൻവെസ്റ്റിഗേഷൻ, സർവ്വേയിംഗ്, പ്ലാനിംഗ് ലെവലിങ്, മണ്ണ്-ജലസംരക്ഷണം, എസ്റ്റിമേറ്റ് തയ്യാറാക്കലും അളവുകൾ രേഖപ്പെടുത്തലും, മെഷർമെന്റ് ബുക്ക് സൂക്ഷിക്കൽ, മൺപണികൾ, കിണറുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണ മേൽനോട്ടം, റോഡ് പണികളുടെ നിർമ്മാണ മേൽനോട്ടം, എന്നീ മേഖലകളിൽ 5 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള സിവിൽ/അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ഡിപ്ലോമധാരികളെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരായി നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ കൃഷി/മണ്ണ് സംരക്ഷണം/മരാമത്ത് വകുപ്പുകൾ/കെ.എസ്.ഇ.ബി/ കെ.ഡബ്ള്യൂ.എ. എന്നീ സ്ഥാപനങ്ങൾ, പി.ഡബ്ള്യൂ.ഡി.-യുടെ എ ക്ലാസ് കോൺട്രാക്ടർമാർ എന്നിവരിൽ നിന്നുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ നിയമനം നടത്തേണ്ടതും 'എ ' ക്ലാസ്സ് കോൺട്രാക്ടർമാരിൽ നിന്നുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ബ്ളോക്ക് തല സാങ്കേതിക ഉപദേശകസമിതി പരിശോധിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം. ഉണ്ണികൃഷ്ണൻ,
**അഡീഷണൽ സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, എൻ.ആർ.ഇ.ജി.എ., തിരുവനന്തപുരം.
3. എല്ലാ ജില്ലാ കളക്ടർമാർ/പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ.
4. എല്ലാ പ്രോജക്റ്റ് ഡയറക്ടർമാർ/ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ.
5. എല്ലാ ബ്ളോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. ഡയറക്ടർ, ഐ.കെ.എം.
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ